പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1596 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| സ്ത്രീകളുടെ പ്രശ്നങ്ങളെ കുറിച്ചുള്ള പഠനം | |
| ചോദ്യം | ഉത്തരം |
| ശ്രീ. എളമരം കരീം | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ഓരോ വർഷവും സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ ആർക്കൊക്കെ, എത്ര രൂപ വീതം നൽകിയെന്ന് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള വനിതാ കമ്മീഷൻ ഗവേഷണ പഠനങ്ങൾ നടത്തുന്നതിനായി 2011-2012 വർഷത്തിൽ 9 ഏജൻസികൾക്ക് തുക അനുവദിക്കുകയുണ്ടായിട്ടുണ്ട്. മേജർ പഠനങ്ങൾക്കായി 3 പേർക്ക് 1 ലക്ഷം രൂപ വീതവും, 6 മൈനർ പഠനങ്ങൾക്ക് 50,000 രൂപ വീതവും ആണ് അനുവദിച്ചിട്ടുള്ളത്. ഈ തുകയുടെ 25% 2011-12 -ലും, 75% 2012-2013 ലുമായിട്ടാണ് അനുവദിക്കുകയുണ്ടായത്. പഠനം നടത്തിയ ഏജൻസികൾ താഴെ ചേർക്കുന്നവയാണ്.<br><br>**മേജർ പഠനം**<br>1. ശ്രീ. ബോബൻ ഇറാനിമോസ്, റിസേർച്ച് സ്കോളർ, എം.ജി. യൂണിവേഴ്സിറ്റി<br>2. ശ്രീമതി.എ.വിക്ടോറിയ സ്റ്റീഫൻ, ശ്രീ നികേത് വനിതാ ഫെഡറേഷൻ, തിരുവനന്തപുരം<br>3. ശ്രീമതി. സി.വിജയലക്ഷ്മി, കേരള സോപ്പ് ഇൻഡസ്ട്രീസ് ഫെഡറേഷൻ<br><br>**മൈനർ പഠനം**<br>1. ക്രിസ്തുരാജ് സോഷ്യൽ സർവ്വീസ് സൊസൈറ്റി, പാലാ, കോട്ടയം<br>2. ഡോ. മീരാ ബായ്, ഡയറക്ടർ, വിമൻ സ്റ്റഡി സെന്റർ, കൊച്ചിൻ യൂണിവേഴ്സിറ്റി<br>3. അഡ്വ. എ.കെ.രാജശ്രീ, ശക്തി ഭവൻ, പഴവീട്, ആലപ്പുഴ |

| | |
|---|---|
| | 4. ഡോ. അനിത.വി, അസിസ്റ്റന്റ് പ്രൊഫസർ, എസ്.എൻ.കോളേജ്, ശിവഗിരി<br>5. ഭരതന്നൂർ ഷമീർ, തിരുവനന്തപുരം<br>6. ഇൻസ്റ്റിറ്റ്യൂറ്റ് ഫോർ മോനിട്ടറിംഗ് എക്കണോമിക് ഗ്രോത്ത്, തിരുവനന്തപുരം<br><br>2012-2013 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ ചെലവിൽ വീട്ടമ്മമാർക്ക് പെൻഷൻ പദ്ധതി എന്ന വിഷയം പഠിക്കുന്നതിന് കേരള വനിതാ കമ്മീഷൻ നീതിവേദി എന്ന ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പഠനത്തിനായി അഡ്വാൻസ് തുക എന്ന നിലയിൽ 25% ആയ 25,000/- രൂപ അനുവദിക്കുവാൻ കമ്മീഷൻ ഉത്തരവായിട്ടുമുണ്ട്. |
| (ബി) ഇതിൽ എത്ര റിപ്പോർട്ടുകളിന്മേൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) 2011-12 ൽ ലഭിച്ച 9 പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുന്നതിലേയ്ക്കായി കേരള വനിതാ കമ്മീഷൻ തയ്യാറാക്കി വരുന്നു. |
| (സി) ഈ റിപ്പോർട്ടുകൾ കൊണ്ട് കേരള ത്തിലെ എത്ര ശതമാനം സ്ത്രീകൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് വിശദമാ ക്കാമോ ? | (സി) പ്രസ്തുത പഠന റിപ്പോർട്ടിലെ വിവരങ്ങൾ അനുസരിച്ച് ബന്ധപ്പെട്ട മേഖലയിലുള്ള എല്ലാ സ്ത്രീകൾക്കും പ്രയോജനം ലഭ്യമാകുന്നതാണ്. |

R. Vijayan

**സെക്ഷൻ ഓഫീസർ**